**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1429 — 03.05.2017-ൽ മറുപടിയ്ക്ക്

## <u>മുന്നാക്ക സമുദായക്കാരിലെ പിന്നാക്കക്കാരുടെ ഉന്നമനം</u>

| | **ചോദ്യം**<br>**ശ്രീ. പി.സി. ജോർജ്** | | **ഉത്തരം**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|---|
| (എ) | മുന്നാക്കസമുദായക്കാരിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സംസ്ഥാനത്ത് ഏതെങ്കിലും കമ്മീഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും | ഉണ്ട്. മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള 2015-ലെ കേരള സംസ്ഥാന കമ്മീഷൻ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2016 ഫെബ്രുവരി 24-ലെ എസ്.ആർ.ഒ. നം. 166/2016 ആയി മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മീഷന്റെ നിലവിലെ ചെയർപേഴ്സണായി റിട്ടയർഡ് ജസ്റ്റിസ് ശ്രീ. എ.വി. രാമകൃഷ്ണപിള്ളയെയും, മെമ്പർമാരായി ശ്രീ. കെ.എസ്. വാസുദേവശർമ്മയെയും, പ്രൊഫ. (ഡോ.) കുര്യാസ് കുമ്പളക്കുഴിയെയും മെമ്പർ സെക്രട്ടറിയായി ഡോ.വി.എം.ഗോപാലമേനോൻ ഐ.എ.എസ് (റിട്ട) -നെയും നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | മുന്നാക്കസമുദായങ്ങളൊഴികെ ബാക്കി എല്ലാ വിഭാഗങ്ങൾക്കും ദേശീയതലത്തിൽ കമ്മീഷൻ നിലവിലുണ്ടെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ; | | |
| (സി) | മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുമാത്രമായിട്ടെങ്കിലും സംസ്ഥാനതലത്തിൽ കമ്മീഷൻ രൂപീകരിയ്ക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (ഡി) | നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡവും ക്ഷേമനിധി പദ്ധതികളും നിശ്ചയിയ്ക്കുന്നതിനായി റിട്ട. മേജർ ജനറൽ എസ്.ആർ സിൻഹ ചെയർമാനായി 2006-ൽ കേന്ദ്ര സർക്കാർ നിയമിച്ച മൂന്ന് അംഗ ദേശീയ കമ്മീഷൻ, 2010 ജൂലൈയിൽ അനുകൂലമായി ശിപാർശ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ശിപാർശ നൽകിയതിന്റെ പകർപ്പ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ